# പാപ്പിയമ്മ

റവുക്കയിട്ട്, കൈലി ചുറ്റി,
ശൂന്യമായ ഞാന്ന കാതും,
കുടുമ്മവെച്ചു തെല്ലുകൂനി
വന്നുവല്ലോ പാപ്പിയമ്മ
ജോലിക്കാരി പാപ്പിയമ്മ.

“വിശപ്പുണ്ടോ മകനേന്ന്”
എന്നെനോക്കി ചോദിച്ചു;
വിശക്കുന്നു പാപ്പിയമ്മേ,
കലശലാണ് വേഗം വേണം.

പുട്ടുവേണോ? മുട്ടവേണോ?
റൊട്ടിവേണോ? ദോശവേണോ?
എന്തുവേണേൽ പറഞ്ഞോളൂ;
പാപ്പിയമ്മ റെഡിയാണ്.

സ്കൂളിൽ നിന്നും ഓടിയെത്തും
കൊതിയോടെ വീട്ടിലേക്ക്,
പായസവും, പാച്ചോറും,
മധുരമുള്ള കൊഴുക്കട്ടേം
നൽകുമല്ലോ പാപ്പിയമ്മ
എന്റെ ചക്കര പാപ്പിയമ്മ.